## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4473 — 25.10. 2016 ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.എം.ഷാജി
" എൻ.ഷംസുദ്ദീൻ
" ടി.എ.അഹമ്മദ് കബീർ
" പി.ബി.അബ്ദുൽ റസ്സാക്ക്

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഊർജ്ജ സംരക്ഷണത്തിൽ കുട്ടികൾക്കും വിദ്യാർത്ഥികൾക്കും പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കുട്ടികളിലും സ്കൂൾ വിദ്യാർത്ഥികളിലും ഊർജ്ജസംരക്ഷണ അവബോധം വളർത്തിയെടുക്കുന്ന തരത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) കുട്ടികളിലും, സ്കൂൾ വിദ്യാർത്ഥികളിലും ഊർജ്ജ സംരക്ഷണ അവബോധം വളർത്തിയെടുക്കുന്ന തരത്തിൽ സ്കൂൾ കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>(1) ഇ.സി.ഇ.ഇ (എംപവറിംങ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി). വിദ്യാർത്ഥികളെ വൈദ്യുതിസംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ് )മായി ചേർന്ന് മലപ്പുറം ജില്ലയിൽ 7,08,216 ഗാർഹിക ഉപഭോക്താക്കളുടെ വീട് സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>(2) കെ.എസ്.ഇ.ബി.എൽ - ന്റെ സബ് ഡിവിഷൻ തലത്തിലുള്ള 211 ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും, ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒന്നരലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തി വരുന്നു. |

| | |
|---|---|
| | **ഇ.എം.സി.താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.**<br><br>സ്മാർട്ട് എനർജി പ്രോഗ്രാം (എസ്.ഇ.പി) യുടെ ഭാഗമായി 2015-16 ൽ 41 വിദ്യാഭ്യാസ ജില്ലകളിലായി 1561 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിച്ചു. ഇതിന്റെ ഭാഗമായി ഏകദേശം 78,050 കുട്ടികൾക്ക് (ഹൈസ്കൂൾ, യു.പി തലങ്ങളിൽ) ബോധവൽക്കരണം നൽകി. ഒരു റവന്യൂ ജില്ലയിൽ 5 സ്കൂളുകൾ എന്ന നിലയിൽ 70 സ്കൂളുകളെ ഊർജ്ജസംരക്ഷണ വിദ്യാഭ്യാസ സ്ഥാപനമായി മാറ്റുന്നതിന്റെ ഭാഗമായി 25,000 രൂപയോളം വില വരുന്ന ഊർജ്ജകാര്യക്ഷമതയുള്ള എൽ. ഇ. ഡി. വിളക്കുകളും ഫാനുകളും നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ വർഷം 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും 150 സ്കൂളുകൾ എന്ന നിലയ്ക്ക് 6150 സ്കൂളുകളെയാണ് സ്മാർട്ട് എനർജി പ്രോഗ്രാമിൽ എൻറോൾ ചെയ്യാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്. 3,07,500 കുട്ടികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ